**Malayala Manorama**

**19 August 2018**

**Kuttanad, Flood**

# കാലുകുത്താൻ മണ്ണില്ലാതെ കുട്ടനാട്

കുട്ടനാട് ● വെള്ളത്തിൽ കൊളുത്തിട്ടതുപോലെ ചില പാലങ്ങൾ മാത്രം. ആകാശക്കാഴ്ചയിൽ കുട്ടനാട് ഇപ്പോൾ ഏതാണ്ട് ഈ അവസ്ഥയിലാണ്.

കാലുകുത്താൻ മണ്ണില്ല. രക്ഷാപ്രവർത്തനം അവസാന ഘട്ടത്തിലേക്കെത്തുമ്പോൾ ആളൊഴിഞ്ഞ നാടായി കുട്ടനാട് മാറുന്നു. ചില ഒറ്റപ്പെട്ട പ്രദേശങ്ങളിൽ, വീടുകൾക്കു മുകളിലും പാലങ്ങളിലുമായി കയറി നിൽക്കുന്നവരും രക്ഷാപ്രവർത്തകരുടെ കണ്ണിൽപെടാത്തതിനാൽ കുടുങ്ങിക്കിടക്കുന്നവരുമാണു കുട്ടനാട്ടിലെ ഇപ്പോഴത്തെ ജനസംഖ്യ.

ഒന്നര ലക്ഷത്തിലേറെപ്പേരാണു കുട്ടനാട്ടിൽനിന്നു പലായനം ചെയ്തത്. ഒരാൾ പൊക്കത്തിലേറെ വെള്ളമുള്ള ചെറിയ ഇടവഴികൾക്കുള്ളിലാണ് ഒറ്റപ്പെട്ടുപോയവരിൽ ഭൂരിഭാഗവും കഴിയുന്നത്. ആലപ്പുഴ, തകഴി, ചങ്ങനാശേരി എന്നീ മൂന്നു കരകളിലേക്കാണു കുട്ടനാട്ടുകാരെ എത്തിക്കുന്നത്. ചില ബഹുനിലവീടുകളും ഉയർന്ന ഏതാനും പാലങ്ങളും മരങ്ങളും ഒഴികെ, വേമ്പനാട്ടുകായൽ പരന്നപോലെ വെള്ളപ്പരപ്പു മാത്രമാണു കുട്ടനാട് ഇപ്പോൾ.

നാൽക്കാലികൾ സ്വന്തമായുള്ളവരാണ് ഇപ്പോൾ കുട്ടനാട്ടിൽ തങ്ങുന്നവരിൽ അധികവും. ഭൂരിഭാഗംപേരും നാൽക്കാലികളെ ഉയർന്ന പ്രദേശങ്ങളിൽ കെട്ടിയിട്ടിരിക്കുകയാണ്. ഇനിയും രക്ഷാപ്രവർത്തനത്തിനു പോകുന്നവർ ചെറുവള്ളങ്ങൾകൂടി കരുതണമെന്നു കുടുങ്ങിക്കിടക്കുന്നവർ പറയുന്നു.